# യു പി എസ് പുളിമാത്ത്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ജാലകം

# 2025-26

## ആമുഖം

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ പുളിമാത്ത് വില്ലേജിൽ സ്ഥിതിചെയ്യുന്ന ഒരു പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമാണ് പുളിമാത്ത് ജ.വി.എസ്. സാമൂഹ്യമായും വിദ്യാഭ്യാസപരമായും തികച്ചും പിന്നോക്കമായ ഒരു പ്രദേശമായിരുന്നു പുളിമാത്ത് ഗ്രാമം. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പോലും ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു പ്രദേശം. കിളിമാനൂരിൽ നിന്നും തിരുവനന്തപുരത്തേക്കുള്ള ഒരു രാജപാതയല്ലാതെ അടിസ്ഥാന വികസനപ്രവർത്തനങ്ങൾ യാതൊന്നും തന്നെയില്ലാതിരുന്ന കാലം. പുളിമാത്ത് പ്രദേശത്ത് ആകെ ഉണ്ടായിരുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം പുളിമാത്ത് എൽ.പി.എസ്സ് ആയിരുന്നു. അവിടെ നിന്നും 4-ാം ക്ലാസ്സ് കഴിയുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനായി 6 കിലോമീറ്ററുകൾ കാൽനടയായുള്ള കിളിമാനൂരോ ആറ്റിങ്ങലോ മാത്രമേ സൗകര്യമുണ്ടായിരുന്നുള്ളൂ. അതിനാൽ ഈ പ്രദേശത്തെ കുട്ടികളുടെ പഠനം 4-ാം ക്ലാസ്സ് കൊണ്ട് അവസാനിപ്പിക്കേണ്ട അവസ്ഥയിലായിരുന്നു. ഇത് മനസ്സിലാക്കിയ പുളിമാത്ത് കുഞ്ഞുവിലാസത്തിൽ ശ്രീമാൻ. പി. എൻ. കുഞ്ഞുപിള്ള ഈ പ്രദേശത്തെ ആളുകൾക്ക് തൊഴിൽ പരിശീലനം നടന്നുവന്നിരുന്ന വീവിംഗ് സെന്ററിനെ തന്റെ പരിശ്രമഫലമായി ഒരു ഇംഗ്ലീഷ്-

മിഡിൽ സ്കൂളായി ഉയർത്തി. ഈ ഇംഗ്ലീഷ് സ്കൂളാണ് ഇന്നത്തെ പുളിമാത്ത് ജി.വി.എച്ച്.എസ്സായി 1950-51 വിദ്യാലയ വർഷത്തിൽ പ്രവർത്തനമാരംഭിച്ചത്.

സ്കൂൾ തുടക്കത്തിൽ തന്നെ സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ-പെട്ട കുട്ടികളും ഈ സ്കൂളിൽ പഠിച്ചിരുന്നു. കഴിഞ്ഞ 75 വർഷക്കാലത്തിനിടക്ക് നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടായ മാറ്റങ്ങൾക്കനുസരിച്ച് സമൂഹത്തിലെ എല്ലാതലങ്ങളിലുമുള്ള വിദ്യാർത്ഥികൾക്കും തുല്യമായ പരിഗണന നൽകിക്കൊണ്ട് മുന്നോട്ട് പോകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വിദ്യാലയത്തിലൂടെ കഴിഞ്ഞുപോയ വിദ്യാർത്ഥികളിൽ പലരും വിദ്യാഭ്യാസ-സാമൂഹ്യ രംഗങ്ങളിലും ആതുര ശുശ്രൂഷാ രംഗത്തും ശാസ്ത്ര സാങ്കേതിക രംഗത്തും വ്യക്തിമുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. പുളിമാത്ത് കൃഷ്ണവിലാസത്തിൽ ശ്രീ. എം. ബാലകൃഷ്ണൻ നായരാണ് സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ.

# ലക്ഷ്യങ്ങൾ

1 മെച്ചപ്പെട്ട ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക

2 സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമാക്കുക

3 എല്ലാ ക്ലാസിലെയും മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകിയും അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക

4 എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി ലക്ഷ്യമാക്കുക

5 ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കിയെടുക്കുക

6 പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുക

7 എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

8 എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി ലക്ഷ്യമാക്കുക

9 പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുക

10 പത്രം തയ്യാറാക്കുക സ്വന്തമായി ഡയറി എഴുതുക

11 സാഹിത്യാഭിരുചി വളർത്തുന്നതിനും വായനാശിലം

12 വളർത്തുന്നതിനും ആവശ്യമായ ശിലം ചിട്ടപ്പെടുത്തുക

13 കൃഷിയോടും കാർഷികവൃത്തിയോടും കാർഷിക സംസ്കാരത്തോടും താല്പര്യം ഉണ്ടാക്കുക

14 ജീവജാലങ്ങളോടെയും പ്രകൃതിയോടും ആഭിമുഖ്യം വളർത്തുക

15 ശാസ്ത്രാവബോധവും ശാസ്ത്ര പ്രതിഭകളോടുമുള്ള താല്പര്യം വളർത്തിയെടുക്കുക

16 മുതിർന്നവരോടും പരിഗണന ആവശ്യമുള്ളവരോടും ഉള്ള പെരുമാറ്റങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക

17 കാലാഭിരുചി വളർത്തിയെടുക്കുക

18 ചിട്ടയായ ശീലം വളർത്തിയെടുക്കുക

19 ശാസ്ത്രാവബോധത്തോടെ വളരുന്നതിനൊപ്പം അന്ധ വിശ്വാസങ്ങളിൽ നിന്ന് സ്വന്തമായും മറ്റുള്ളവർക്കുമുള്ള അവബോധം ഉണ്ടാക്കിയെടുക്കുക

20 പ്രാദേശികമായ സംസ്കാരം മനസ്സിലാക്കുന്നതിനു പ്രാപ്തരാക്കുക

21 പത്രവായനാ ശീലം വളർത്തിയെടുക്കുക

22 വ്യക്തിശുചിത്വവും ഒപ്പം വർത്തമാന കാലത്തിലെ രോഗകാരണങ്ങളിൽ നിന്ന് സമൂഹത്തിനെ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെ ഭാഗമാകുക

23 ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു

24 മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

25 പരിസ്ഥിതി സൗഹൃദമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു.

26 കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക

------********------

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ഭാഷകൾ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബ്)

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പ്രീടെസ്റ്റ് | ഓരോ ക്ലാസ്സിലും കഴിഞ്ഞ അധ്യയന വർഷങ്ങളിൽ നടന്നിരുന്ന പ്രവർത്തനങ്ങളെ ആസ്പദമാക്കിക്കൊണ്ട് പ്രീടെസ്റ്റിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നു. (കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിന്) | ജൂൺ | മലയാളം ഇംഗ്ലീഷ് ഹിന്ദി അറബ് ഭാഷാ അധ്യാപകർ | | എസ് ആർ ജി |
| വായിക്കാം വളരാം | അക്ഷരകാർഡുകൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ തയ്യാറാക്കി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണാ സഹായം നൽകുന്നു. ചെറിയ കഥാപുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ നൽകി വായിക്കാനും വായനക്കുറിപ്പ് എഴുതാനും അവസരം നൽകുന്നു. | അക്കാദമികം | ഭാഷാ അധ്യാപകർ | | എസ്.ആർ.ജി |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
| --- | --- | --- | --- | --- | --- |
| | (എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക) | | | | |
| വളരുന്ന നിഘണ്ടു | പാഠഭാഗങ്ങളിൽ വരുന്ന പുതിയ പദങ്ങൾ നിഘണ്ടു ഉപയോഗിച്ച് കണ്ടെത്തുന്നതിന് പരിശീലനം നൽകുന്നതോടൊപ്പം ഓരോ ഭാഷാ വിഷയങ്ങളിലും നിഘണ്ടു തയ്യാറാക്കുന്നു. (നിഘണ്ടുകൾ പരിചയപ്പെടുത്തുക, നിഘണ്ടു തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുക) | അക്കാദമികം | ഭാഷാ അധ്യാപകർ | | രക്ഷിതാക്കൾ അധ്യാപകർ |
| അസംബ്ലി | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി ഭാഷകളിൽ അസംബ്ലി നടത്തുന്നു. വാർത്തകൾ, ചിന്താവിഷയം, ക്വിസ് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി അസംബ്ലി നടത്തുന്നു. (കുട്ടികളിലെ ഭാഷാപരമായ കഴിവ് വികസിപ്പിക്കുന്നതിന്) | അക്കാദമികം | ഭാഷാ അധ്യാപകർ | | രക്ഷിതാക്കൾ അധ്യാപകർ |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ദിനാചരണം | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, ക്വിസ്സുകൾ, ജീവചരിത്ര കുറിപ്പുകൾ തുടങ്ങിയവ നടത്തുന്നു. (കുട്ടികളിൽ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന്) | അക്കാദമിക | ഭാഷാ അധ്യാപകർ | | രക്ഷിതാക്കൾ അധ്യാപകർ |
| ക്ലബ്ബുകൾ | ഭാഷാ ക്ലബ്ബുകൾ രൂപീകരിച്ച് ഓരോ ക്ലബ്ബിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ കഥാരചന, കവിതാ രചന, ഉപന്യാസരചന, ചിത്രരചന, ക്വിസ് തുടങ്ങിയവ നടത്തുന്നു. ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ voccabulary shop പ്രവർത്തനം നടത്തുന്നു. | അക്കാദമിക | | | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | ചിന്തന |
|---|---|---|---|---|---|
| | അറബി ക്ലബ്ബിന്റെ നേതൃത്വത്തിൽ പദകേളി, പദപ്പയറ്റ്, ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു. (കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കൽ) | | | | |
| അമ്മ ലൈബ്രറി | സ്കൂൾ ലൈബ്രറിയിൽ നിന്ന് രക്ഷിതാക്കൾക്ക് പുസ്തകം എടുക്കുന്നതിനുള്ള അവസരം നൽകുന്നു. (രക്ഷിതാക്കളുടെ വായന പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കലാണ് ലക്ഷ്യം.) | അക്കാദമികം | | | |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ് | വിലയിരുത്തൽ |
|---|---|---|---|---|---|
| മാഗസിൻ നിർമ്മാണം | മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ മാഗസിനുകൾ തയ്യാറാക്കുന്നു. ദിനങ്ങൾ, വിവിധ ദിനാചരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന കവിതകൾ, കഥകൾ, ചിത്രങ്ങൾ ലേഖനങ്ങൾ തുടങ്ങിയവ ശേഖരിച്ച് ഓരോ വിഷയങ്ങളിലും മാഗസിൻ തയ്യാറാക്കുന്നു. (കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനും ഭാഷാപരമായ കഴിവുകൾ നേടുന്നതിനും) | അക്കാദമിക. | അധ്യാപകർ | | [illegible]<br>എസ്. ആർ ജി |
| E-Cub | എല്ലാ ക്ലാസുകളിലെ കുട്ടികൾക്കും E-Cub ഇംഗ്ലീഷ് ICT സഹായത്താൽ നൽകുന്നു. (ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും ഉച്ചാരണം മനസ്സിലാക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും. | അക്കാദമികം. | ഇംഗ്ലീഷ് അധ്യാപിക | | |

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം പ്രവർത്തനവും ലക്ഷ്യവും. | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|
| മലയാളത്തിളക്കം | മലയാളം ഭാഷയിൽ എഴുത്തും വായനയും പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി നടത്തിയ പ്രീടെസ്റ്റിന്റെ ഭാഗമായി കണ്ടെത്തിയ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം. അക്ഷരങ്ങൾ, അടയാളങ്ങൾ, വാക്കുകൾ, വാചകങ്ങൾ, ചെറുകഥകൾ ഇങ്ങനെ ഘട്ടം ഘട്ടമായി കുട്ടികളിൽ എത്തിക്കാനുള്ള പ്രവർത്തനം നടത്തുന്നു. (എല്ലാ കുട്ടികളെയും വായനയിലും എഴുത്തിലും പ്രാപ്തരാക്കുകയാണ് ലക്ഷ്യം) | അരമണിക്കൂർ. | അധ്യാപകർ | | രക്ഷിതാക്കൾ. |

അക്കാദമിക മാസ്റ്റർ പ്ലാൻ
അടിസ്ഥാന ശാസ്ത്രം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| പ്രകൃതിയെ അറിയുക | പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, ജൈവവേലിനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, Science Club, Eco club | | SRG രക്ഷിതാക്കൾ |
| പരീക്ഷണക്കളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, Science Club | | SRG രക്ഷിതാക്കൾ |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ നിർമ്മിക്കുന്നു (ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | | SRG |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| യുറേക്കാ | കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | | SRG രക്ഷിതാക്കൾ |
| വിസ്മയ യാത്ര | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്ന (ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | | SRG |
| കണ്ടറിയാനൊരു യാത്ര- ഫീൽഡ് ട്രിപ്പ് | വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ബൊട്ടാണിക്കൽ ഗാർഡൻ (ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ Science club Eco club | | SRG രക്ഷിതാക്കൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഗണിതം

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ഗണിത ശിൽപ-ശാല | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ജൂൺ - ജൂലായ് | ഗണിത അധ്യാപിക | | SRG |
| ഗണിത ക്ലിനിക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപിക | | SRG |

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| ഗണിതം മധുരം | പച്ചക്കറി കൃഷിയിലൂടെ ഗണിത പഠനം. പച്ചക്കറിത്തോട്ട നിർമ്മാണത്തിൽ അളവുകളുടെ പ്രാധാന്യം, അളവുകളുടെ അനുപാതങ്ങൾ എന്നിവ തിരിച്ചറിയുന്നു | ഗണിത അക്കാദമിക വർഷം | ഗണിത അധ്യാപിക ഗണിത club | | SRG രക്ഷിതാക്കൾ |
| ഗണിത നിഘണ്ടു | ഓരോ യൂണിറ്റിലും പരിചയപ്പെടുന്ന പുതിയ ഗണിത പദങ്ങൾ അവയുടെ ആശയങ്ങൾ എന്നിവ കുട്ടികളിലെത്തിക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപിക | | SRG |
| ഗണിതം നിത്യജീവിതത്തിൽ | ദൈനംദിന ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ | അക്കാദമിക വർഷം | ഗണിത അധ്യാപിക | | SRG രക്ഷിതാക്കൾ |
| ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ചചെയ്ത് നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | | SRG രക്ഷിതാക്കൾ |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 

സാമൂഹ്യശാസ്ത്രം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യമിടുന്ന പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
| --- | --- | --- | --- | --- | --- |
| പ്രീടെസ്റ്റ് | ഏഴാം ക്ലാസുകളിലും കഴിഞ്ഞ അധ്യയന വർഷം പഠിച്ച പാഠഭാഗങ്ങളെ ആസ്പദമാക്കി പ്രീടെസ്റ്റ് നടത്തുന്നു. ഉദാ: കേരളത്തിലെ നദികളിൽ കിഴക്കോട്ടൊഴുകുന്നവ? പടിഞ്ഞാറോട്ടൊഴുകുന്നവ? ജില്ലകൾ, തലസ്ഥാനങ്ങൾ - ഇന്ത്യൻ സംസ്ഥാനങ്ങൾ തലസ്ഥാനങ്ങൾ - പ്രധാന നദികൾ? (കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിന്) | ജൂൺ ആദ്യവാരം | സാമൂഹ്യശാസ്ത്ര അധ്യാപിക | | രക്ഷിതാക്കൾ |
| ഭൂപടവായന | കേരളം, ഇന്ത്യ, ലോകം തുടങ്ങിയവ ഭൂപടങ്ങളിലൂടെയും ICT സഹായത്തോടെയും ചെയ്യാവുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ പ്രവർത്തനങ്ങൾക്കും നൽകുന്നു. (ഭൂപട വായന ലക്ഷ്യമാക്കുന്നതിനും ഉന്നത വിജയം നേടുന്ന കുട്ടികളെ സാമൂഹ്യശാസ്ത്ര വിഷയത്തിൽ താൽപര്യം ഉണ്ടാക്കുന്നതിനോ) | അക്കാദമിക വർഷം | അധ്യാപിക | | രക്ഷിതാക്കൾ |
| മികച്ച പ്രവർത്തനം ദിനാചരണങ്ങളിലൂടെ | വിവിധ സാമൂഹ്യ പ്രസക്തിയുള്ള ദിനാചരണ ദിവസങ്ങളിൽ ക്വിസ് ചർച്ച മത്സരങ്ങൾ പ്രവർത്തനങ്ങൾ അനുബന്ധ പരിപാടികൾ ചെയ്യുന്നു. | അക്കാദമിക വർഷം | അധ്യാപിക | | രക്ഷിതാക്കൾ |

| പ്രവർത്തനത്തിന്റെ പേര് | പ്രവൃത്തിവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| | (വിവിധ ദിനാചരണ ദിവസങ്ങൾ അവയുടെ പ്രാധാന്യം ഇവ മനസ്സിലാക്കുന്നതിനും വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും) | | | | |
| ചരിത്ര ശേഖരങ്ങൾ | ICT സാധ്യത ഉപയോഗപ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെടുത്തി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം നടത്തുന്നു. (കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നതിന്) | അക്കാദമിക വർഷം | അധ്യാപിക | | എസ്.ആർ.ജി |
| പ്രകൃതി ദുരന്തം നേർക്കാഴ്ച | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ICT ഉപയോഗിച്ച് കുട്ടികളെ കാണിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു (പ്രകൃതി ദുരന്തങ്ങൾ മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾക്കും സഹായ മനസ്സുള്ളവരാക്കാനും പരിതാപകളെ അവബോധവാന്മാരാക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക | | എസ്.ആർ.ജി |
| പുതു ചക്രവാളത്തിലേക്ക് | അറിവിന്റെ മാന്ത്രികലോകം സൃഷ്ടിക്കുന്ന മത്സര ക്വിസിലൂടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന വിധത്തിൽ ചോദ്യോത്തരവേളകൾ സംഘടിപ്പിക്കുന്നു. (കുട്ടികളിൽ പൊതു വിജ്ഞാനം വികസിപ്പിക്കുന്നതിന്) | അക്കാദമിക വർഷം | അധ്യാപിക | | എസ്.ആർ.ജി |

| പ്രവർത്തനത്തിന്റെ പേര് | ലഘുവിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | 14 വിലയിരുത്തൽ |
|---|---|---|---|---|---|
| ബോധവത്കരണം | ലഹരിപോലുള്ള സാമൂഹ്യവിപത്തുകൾ മനസ്സിലാക്കാൻ പ്രാപ്തരാക്കുന്ന വിധത്തിൽ സ്കൂളിൽ അധ്യാപകരും മറ്റ് വ്യക്തികൾ മുഖേനയും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അതോടൊപ്പം വായനയുടെ ലോകത്തേക്ക് കുട്ടികളെ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നു. (കുട്ടികളിൽ സ്വഭാവ വ്യതിയാനം, സമൂഹ നന്മക്കായുള്ള പ്രവർത്തനം ഇവയിൽ പ്രാപ്തരാക്കുന്നതിന്) | അക്കാദമിക വർഷം | അധ്യാപിക | | മിസ്. ജെ. |
| രാഷ്ട്രനേതാക്കളെ പരിചയപ്പെടൽ | ക്ലാസ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി രാഷ്ട്രശില്പികൾ, സ്വാതന്ത്ര്യ സമര സേനാനികൾ തുടങ്ങിയവരുടെ ചിത്രങ്ങളും വീഡിയോകളും ലേഖനങ്ങളും ICT യുടെ സഹായത്തോടെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. (കുട്ടികൾ സമരനായകന്മാരെ പരിചയപ്പെടുന്നതിനോടൊപ്പം രാഷ്ട്ര നന്മക്കായി പ്രവർത്തിക്കാനുള്ള ബോധമുള്ളവരാകുന്നു) | | | | |

# ആരോഗ്യ കായികം

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | പിന്തുണ |
|---|---|---|---|---|---|
| കളിക്കളം | കുട്ടികളിലെ ശാരീരിക മാനസിക വളർച്ചക്ക് കളികൾ വളരെ പ്രധാനമാണ് എന്ന് മനസ്സിലാക്കി ആരോഗ്യ കായികം എന്ന പുസ്തകത്തെ ആസ്പദമാക്കി 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം വിവിധ തരത്തിലുള്ള കളികൾ പരിചയപ്പെടുത്തുന്നു (കുട്ടികളിലെ ശാരീരിക, മാനസിക വളർച്ച സ്വഭാവ രൂപീകരണം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടി) | അക്കാദമിക വർഷം. | അധ്യാപകർ | | |
| ആരോഗ്യ പരിപാലനം. | കുട്ടികളിൽ ശാരീരിക-മാനസിക ആരോഗ്യത്തിന് ആരോഗ്യ ശീലങ്ങൾ, പോഷക സമൃ | | | | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യനിർവ്വഹണം പ്രവർത്തനവും ലക്ഷ്യവും | ഉത്തരവാദി | ചുമതല | സാമ്പത്തിക സ്രോതസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|
| | നല്ല ആഹാര ശീലങ്ങൾ ശുചിത്വ ശീലങ്ങൾ (വ്യക്തി ശുചിത്വം, പരിസര ശുചിത്വം) തുടങ്ങിയവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകൾ പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവയെല്ലാം നടത്തുന്നു. ( കുട്ടികളിൽ ആരോഗ്യം, സ്വഭാവ രൂപീകരണം, സഹായ മനസ്കത, പരസ്പര സഹകരണം തുടങ്ങിയ ശീലങ്ങൾ ഉണ്ടാക്കുന്നതിന്.) | | | | |

കല - പ്രവൃത്തി പരിചയം.

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം പ്രവർത്തനവും ലക്ഷ്യവും | കാലാവധി | ചുമതല | സാമ്പത്തിക അടങ്കൽ | പിന്തുണ |
| --- | --- | --- | --- | --- | --- |
| സർഗാത്മകതയും കല, മേളകളും | ചിത്ര രചന, സംഗീതം, അഭിനയം, കവിത- കഥാ രചനകൾ തുടങ്ങിയ കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്കായി അവധിയിൽ 2 ദിവസം കലാ വിദ്യാഭ്യാസം എന്ന വിഷയവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. (കുട്ടികളിലെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്) | അക്കാദമിക വർഷം | അധ്യാപിക | | സെമിനാർ എസ്.ആർ.ജി |
| തൊഴിൽ പരിചയവും പ്രവൃത്തി പരിചയ മേളകളും | പഠനത്തോടൊപ്പം ക്രിയാത്മകമായ കഴിവുകളും വികസിപ്പിക്കുന്നതിനായി 5, 6, 7 | | | | |

| പ്രവർത്തനത്തിന്റെ പേര് | ലഘു വിശദീകരണം (പ്രവർത്തനവും ലക്ഷ്യവും) | കാലാവധി | ചുമതല | സാമ്പത്തിക സ്രോതസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|
| | ക്ലാസുകളിലെ കുട്ടികൾക്കുള്ള തൊഴിൽ ഉദ്ഗ്രഥിതം വിനോദവുമാകും മറ്റ് ദിനാചരണ പ്രവർത്തനങ്ങളുമാകും ബന്ധപ്പെടുത്തിയുള്ളതിൽ 2 ദിവസം ക്ലാസ് നൽകുന്നു. (കുട്ടികളിലുള്ള ക്രിയാത്മക ശേഷി പ്രവൃത്തിപരിചയത്തിലൂടെ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന്) | അക്കാദമിക വർഷം | അധ്യാപിക | | രക്ഷിതാക്കൾ എസ്.ആർ.ജി |